കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KNR/C1/377/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 08/04/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12,1-15,1-19 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KNR/C1/377/2021 തീയ്യതി: 08/04/2021

കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2019 മുതൽ 20-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
.	.		
ശശികുമാർ എം പി	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)	22-02-2021	02-03-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-02-2021	02-03-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
സിന്ധു ടി പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ഈശ്വരചന്ദ്രൻ നമ്പൂതിരി ടി.സി.,അസി.ഓഡിറ്റ് ഓഫീസർ
നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
സബിത.കെ,ഓഡിറ്റർ
പ്രമോദ്.കെ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.രാഘവൻ	പ്രസിഡന്റ്	01-04-2019	31-03-2020
ശ്രീ. പവിത്രൻ എം.വി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2019	24-04-2019
ശ്രീ. സതീശൻ കെ.വി.	സെക്രട്ടറി	25-04-2019	19-05-2019
ശ്രീ. പവിത്രൻ എം.വി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	20-05-2019	03-06-2019
ശ്രീ. സതീശൻ കെ.വി.	സെക്രട്ടറി	04-06-2019	13-03-2020
ശ്രീ. പവിത്രൻ എം.വി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-03-2020	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സുനിത കെ.വി.	അസി. എഞ്ചിനീയർ	01-04-2019	31-03-2020
ഡോ. അമീന അസ്ലാം	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2019	31-03-2020
ഡോ. സനൽകുമാർ എം.	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2019	31-03-2020
ഡോ. മുഹമ്മദ് ഷിഹാസ്	വെറ്റിനറി സർജൻ	01-04-2019	31-03-2020
ശ്രീമതി ലില്ലിക്കുട്ടി പി.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2019	31-03-2020
ശ്രീ. സുഭാഷ്	ഹെഡ്മാസ്റ്റർ	01-04-2019	31-03-2020

യു.വി.			
ശ്രീമതി. പ്രീതി കെ.വി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	31-03-2020
ശ്രീ. പവിത്രൻ എം.വി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2019	31-03-2020
ശ്രീമതി അമൃത ജി.	വി.ഇ.ഒ., കരിവെള്ളൂർ സർക്കിൾ	01-04-2019	21-07-2019
ശ്രീ. സുനിൽകുമാർ	വി.ഇ.ഒ., കരിവെള്ളൂർ സർക്കിൾ	22-07-2019	26-09-2019
ശ്രീമതി ബിന്ദു പി.വി.	വി.ഇ.ഒ., കരിവെള്ളൂർ സർക്കിൾ	27-09-2019	24-10-2019
ശ്രീമതി സിന്ധു എം.	വി.ഇ.ഒ., കരിവെള്ളൂർ സർക്കിൾ	25-10-2019	31-03-2020
ശ്രീ. ജയരാജൻ നായർ കെ.	കൃഷി ഓഫീസർ	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Remani Kizhakkeel (Audit Officer, On 24-02-2021) Last Updated By: PREETHA.P.V (Computer Assistant, On 24-03-2021)	1-1
2	വാർഷിക ധനകാര്യപത്രിക Written By: Remani Kizhakkeel (Audit Officer, On 27-02-2021) Last Updated By: PREETHA.P.V (Computer Assistant, On 24-03-2021)	1-2
3	സാമ്പത്തിക വിശകലനം Written By: Remani Kizhakkeel (Audit Officer, On 28-02-2021) Last Updated By: PREETHA.P.V (Computer Assistant, On 24-03-2021)	1-3
4	ഫണ്ട് വിനിയോഗം Written By: Remani Kizhakkeel (Audit Officer, On 01-03-2021) Last Updated By: Remani Kizhakkeel (Audit Officer, On 03-04-2021)	1-4
5	പദ്ധതി അവലോകനം Written By: Remani Kizhakkeel (Audit Officer, On 28-02-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	1-5
6	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി Written By: Sindhu T P (Audit Officer, On 01-03-2021) Last Updated By: PREETHA.P.V (Computer Assistant, On 29-03-2021)	1-6
7	ക്ഷേമപദ്ധതികൾ Written By: Sindhu T P (Audit Officer, On 01-03-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	1-7
8	ക്യാഷ് ബാലൻസ് പരിശോധന Written By: Nisha K (Senior Grade Auditor, On 23-02-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-8
9	ആഭ്യന്തര നിയന്ത്രണം Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 29-03-2021)	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ Written By: Sindhu T P (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 29-03-2021)	1-10
11	വാർഷികകണക്കുകളിലെ അപാകതകൾ Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 29-03-2021)	1-11
12	വസ്തു നികുതി -നികുതി നിർണ്ണയത്തിലെ അപാകങ്ങൾ Written By: Sabitha.K (Auditor, On 01-03-2021) Last Updated By: Dhanya M (Auditor, On 30-03-2021)	1-12
13	ലൈസൻസ് എടുക്കാതെ നായകളെ വളർത്തുന്നത്-പിഴ ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. Written By: Pramod K (Auditor, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 29-03-2021)	1-13
14	പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി Written By: Sabitha.K (Auditor, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 29-03-2021)	1-14
15	ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടർന്നു Written By: Sindhu T P (Audit Officer, On 23-02-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	1-15
16	മഴക്കാല പൂർവ്വ ശുചീകരണം - വിനിയോഗരേഖകൾ ലഭ്യമായിട്ടില്ല -1,40,000/-രൂപ തടസ്സപ്പെടുത്തുന്നു	1-16

	Written By: Nisha K (Senior Grade Auditor, On 02-03-2021) Last Updated By: Nisha K (Senior Grade Auditor, On 02-04-2021)	
17	തെരുവ് വിളക്ക് റിപ്പയർ - പദ്ധതി നിർവഹണത്തിലെ അപാകതകൾ Written By: Nisha K (Senior Grade Auditor, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-17
18	ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് Written By: EaswaraChandranNamboodiri T.C (Asst. Audit Officer, On 01-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-18
19	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- റോഡു കോൺക്രീറ്റിംഗ്- പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല, ബില്ലുകളിൽ നിന്നും ജി എസ് ടി , ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല Written By: Sindhu T P (Audit Officer, On 28-02-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	1-19
20	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- നടപടിക്രമങ്ങളിലെ അപാകതകൾ Written By: Sindhu T P (Audit Officer, On 25-02-2021) Last Updated By: Sindhu T P (Audit Officer, On 02-03-2021)	1-20
21	സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫിസിയോ തെറാപ്പിസ്റ്റിനും സ്പീച്ച് തെറാപ്പിസ്റ്റിനും അധിക ഹോണറേറിയം നല്കി -30600 രൂപ തടസ്സപ്പെടുത്തുന്നു Written By: EaswaraChandranNamboodiri T.C (Asst. Audit Officer, On 02-03-2021) Last Updated By: Nisha K (Senior Grade Auditor, On 02-04-2021)	1-21
22	ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല Written By: EaswaraChandranNamboodiri T.C (Asst. Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-22
23	അമ്മൻ കുളം പമ്പ് ഹൗസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും- ഗുണഭോക്തൃവിഹിതം ശേഖരിച്ചിട്ടില്ല- 5677 രൂപയുടെ അധികച്ചെലവ് Written By: Sindhu T P (Audit Officer, On 01-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-23
24	രേഖകൾ ഹാജരാക്കാത്തത് Written By: Sindhu T P (Audit Officer, On 01-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-24
25	ആസ്തി പരിപാലനം Written By: Sindhu T P (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-25
26	സാന്ത്വന പരിചരണം- അപാകതകൾ. Written By: Pramod K (Auditor, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-26
27	ആട് വളർത്തൽ ,പട്ടികജാതി വിഭാഗത്തിന്- രേഖകൾ കൃത്യമല്ല -150000 രൂപ തടസ്സപ്പെടുത്തുന്നു Written By: Pramod K (Auditor, On 03-03-2021) Last Updated By: Nisha K (Senior Grade Auditor, On 02-04-2021)	1-27
28	സമഗ്ര പേവിഷബാധ നിയന്ത്രണ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല- 12690രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു Written By: Pramod K (Auditor, On 03-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-28

29	മുട്ടക്കോഴി വിതരണം പദ്ധതി- അപാകങ്ങൾ -1000രൂപ തടസ്സപ്പെടുത്തുന്നു Written By: Pramod K (Auditor, On 03-03-2021) Last Updated By: Nisha K (Senior Grade Auditor, On 02-04-2021)	1-29
30	ദുരന്ത നിവാരണ പദ്ധതി Written By: Remani Kizhakkeel (Audit Officer, On 03-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	1-30
31	കൃഷിഭവൻ കണ്ടിജൻസി ചെലവ് അപാകതകൾ- 5900/- രൂപ തടസ്സപ്പെടുത്തുന്നു Written By: EaswaraChandranNamboodiri T.C (Asst. Audit Officer, On 01-03-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	1-31
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	4-1
2	സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെ വിവരങ്ങൾ Written By: Sindhu T P (Audit Officer, On 02-03-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	4-4
5	വായ്പ/വായ്പാതിരിച്ചടവ് Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	4-5
6	സ്ഥിര നിക്ഷേപം Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	4-6
7	ഓഡിറ്റ് റിക്കവറി Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: Remani Kizhakkeel (Audit Officer, On 02-03-2021)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Remani Kizhakkeel (Audit Officer, On 02-03-2021) Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2021)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Sindhu T P (Audit Officer, On 02-03-2021) Last Updated By: PREETHA.P.V (Computer Assistant, On 30-03-2021)	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	Receipt And Payment Statement
3	INCOME & EXPENDITURE STATEMENT
4	BALANCE SHEET

ഭാഗം -1

1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 7-02-19 ലെ 26/19 നമ്പർ തീരുമാന പരകാരവും പരിഷ്കരിച്ച ബജറ്റ് 27-02-2020 തീയ്യതിയിലെ 4/20 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

(1-1)1. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (1) പ്രകാരം സർക്കാർ അതാതു വർഷം പുറപ്പെടുവിക്കുന്ന നിർദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദേശങ്ങൾ ഓരോ വർഷവും ജനുവരി15ാം തീയ്യതിക്കു മുമ്പായി അതാതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഈ നിർദേശം പാലിച്ചിട്ടില്ല. ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി മാത്രമാണ് നിർദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്. നോൺ പ്ലാൻ ഇനത്തിലുള്ള ബജറ്റ് നിർദേശങ്ങൾ ജനുവരി 15 നകം സമർപ്പിക്കുവാൻ സെക്രട്ടറി എല്ലാ നിർവ്വഹണ ഉദ്യാഗസ്ഥൻമാരോടും രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും കൃഷി ഓഫീസർ, വി ഇ ഒ , മെഡിക്കൽ ഓഫീസർ (ആയുർവ്വേദം),വെറ്റിനറി സർജൻ എന്നിവർ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റിൻെറ പൂർണ്ണ വിവരങ്ങൾ മിനുട്സിൽ എഴുതിച്ചേർത്തിട്ടില്ല.

3.ഉപ വകുപ്പ് 7 പ്രകാരം ബജറ്റ് പാസാക്കിക്കഴിഞ്ഞാലുടനെ അതിൻെറ പകർപ്പുകൾ ഓഡിറ്റിൽ അയച്ചു തരേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31-07-2020	4-06-2020	തിരിച്ചയച്ചിട്ടില്ല	ബാധകമല്ല

1-3 സാമ്പത്തിക വിശകലനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്		10184473
ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	44449383
ആകെ		54633856
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	44818476
നീക്കിയിരിപ്പ്		9815380
വരവിനങ്ങളിലുള്ള നഷ്ടം	:	9048
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	5677
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	3,40,190

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		ഒ.ബി	വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	10031924	10031924	9113328	918596
കേരളോത്സവം		0	20000	20000	20000	0
എൻ.ആർ.ഇ.ജി.എ. ഭരണ ചെലവ്		3320	497806	501126	281179	219947
തൊഴിൽ കൂലി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്		0	10906043	10906043	10906043	0
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	2378000	2378000	1795289	582711
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		0	0	0	0	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	7877000	7877000	3077182	4799818
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) 0	3251000	3251000	2381752	869248
ധനകാര്യ കമ്മീഷൻ ഗ്രാൻറ്		0	7783919	7783919	3484870	4299049
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ	അംഗൻവാടി പോഷകാഹാരം	288301	615082	903383	600000	303383
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ	ബഡ്സ് സ്കൂൾ ഗ്രാന്റ്	0	228512	228512	228512	0
	ലൈഫ് ഭവനം സ്റ്റേറ്റ് ഷെയർ	0	667761	667761	667761	0

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
161	58135270	108	35938187	108	48	67

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയത്	അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
1	സെക്രട്ടറി	24	20	5068924	3153065	62

2	അസിഎഞ്ചിനീയർ	86	44	23223311	9956629	43
3	കൃഷി ഓഫീസർ	6	5	9926986	8380174	84
4	മെഡിക്കൽഓഫീസർ(പി.എച്ച്.സി)	2	2	550000	493636	90
5	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	5	5	990000	981087	99
6	വെറ്ററിനറി സർജൻ	6	6	824300	771296	94
7	വി.ഇ.ഒ	11	9	7355616	2661193	36
8	ഐ സി ഡിഎസ് സൂപ്പർവൈസർ	6	6	5325000	5322100	99.9
9	അസി.സെക്രട്ടറി	8	6	1195133	984634	82
10	ഹെഡ് മാസ്റ്റർ	6	4	1396000	1170653	84
11	ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	2280000	2063720	90
	ആകെ	161	108			

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -ഇല്ല

ഗ്രാമ സഭ

പഞ്ചായത്തിൽ ആകെ 14 വാർഡുകളാണ് ഉള്ളത്.എല്ലാ വാർഡുകളിലും തൻ സാമ്പത്തിക വർഷം ജൂലായ്,നവംബർ , ഫിബ്രുവരി മാസങ്ങളിൽ ഗ്രാമ സഭ ചേർന്നിട്ടുണ്ട്.എല്ലാ ഗ്രാമ സഭകളിലും നല്ല ജന പ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്.(പൊതുവേ സ്ത്രീ പ്രാതിനിധ്യമാണ് കൂടുതൽ)ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ,വാർഷികപദ്ധതി അവലോകനം ഹരിത സഭ അവലോകനം തുടങ്ങിയ വിഷയങ്ങൾ ചർച്ചാ വിധേയമാക്കിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

വിവിധ വിഷയങ്ങളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ജൈവ വൈവിദ്ധ്യ ,ശുചിത്വം എന്ന വിഷയത്തിൽ പുതുതായി ഒരു വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.നടപ്പു വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗമിനട്സിൽ ചർച്ചകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.

മോണിറ്ററിംഗ് കാര്യക്ഷമമല്ല

പദ്ധതി മാർഗരേഖ പ്രകാരം പദ്ധതി മോണിറ്ററിങ്ങ് അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്റിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ്ങ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്റിംഗ് റിപ്പോർട്ട് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) ഒഴികെ യുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻമാർ അത്തരത്തിലുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടുകൾ ഹാജരാക്കിയിട്ടില്ല.

തുടർ വർഷങ്ങളിൽ മോണിറ്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	3320	497806	501126	2,81,179	219947
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	..	10906043	10906043	1,09,06,043	0
ആകെ	3320	11403849	11407169	1,11,87,222	219947

എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 4221 രൂപയും നീക്കിയിരിപ്പ് 220847 രൂപയുമാണ്. 901 രൂപയുടെ വ്യത്യാസം വ്യക്തമാക്കപ്പെട്ടിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം തനതു ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ച തുകയിൽ 4,18,099/-രൂപ അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	65520	70(*)
കർഷകതൊഴിലാളി പെൻഷൻ	2674200	807
വിധവാപെൻഷൻ	2921400	835
വാർദ്ധക്യകാലപെൻഷൻ	4522800	1448
വികലാംഗപെൻഷൻ	701100	193
അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	237600	70

(*)ഗുണഭോക്താക്കളുടെ അർഹത പുനപ്പരിശോധിക്കുകയും വരുമാനപരിധി ലംഘിക്കുന്നതായി കണ്ടതിനാൽ മുഴുവൻ പേരുടെയും വേതനം റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം ഒരു തവണ മാത്രമാണ് വിതരണം ചെയ്തത്. അർഹതാ പരിശോധന നടത്തിയ ശേഷം വേതനം വിതരണം ചെയ്തിട്ടില്ല.

പെൻഷൻ അപേക്ഷകളിൽ സമയപരിധിക്കകം തീരുമാനമെടുത്ത് സേവന സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഡാറ്റാ എൻട്രി ചെയ്യുന്നുണ്ട്. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ഖണ്ഡിക 1-15 ൽ പരാമർശിച്ചിട്ടുണ്ട്.

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.2.2021 11.45 AM-ന് സ്ഥാപന തലവന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8761/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലാ നിർണ്ണയം നടത്തുകയും കാലാകാലങ്ങളിലുള്ള മാറ്റങ്ങൾക്കനുസൃതമായി പുനർ നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ യോഗം 11 പ്രാവശ്യം ചേർന്നിട്ടുണ്ട് (ഏപ്രിൽ, ഡിസംബർ, ഫിബ്രുവരി മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല.) യോഗത്തിൽ ഓഫീസ് പ്രവർത്തന അവലോകനം ചെയ്യുകയും നികുതി പിരിവ്, ഫ്രണ്ട് ഓഫീസ് സംവിധാനം, ഓഫീസ് പ്രവർത്തനമംകാര്യക്ഷമമാക്കൽ, പദ്ധതി നിർവ്വഹണം തുടങ്ങിയവ സംബന്ധിച്ച് ചർച്ച ചെയ്യുകയും ജീവനക്കാർക്ക് വേണ്ട നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.29-06-19 ന് ചേർന്ന യോഗത്തിൽ പേഴ്സണൽ റജിസ്റ്റർ

കൃത്യമായി എഴുതണമെന്നും എല്ലാ മാസവും പരിശോധനയ്ക്കായി ഹെഡ് ക്ളർക്കിന് നൽകണമെന്നും തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. ക്യാഷ് ബുക്ക് ബേങ്ക് ബുക്ക് എന്നിവ കുറ്റ മറ്റ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

പെർഫോമൻസ് ഓഡിറ്റ്	16-02-2021	1/2021	22-02-2021
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	20-07-2017	2006-07 മുതൽ2010-11വരെ	29-07-2018

1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പ് തയ്യാറാക്കിയിട്ടില്ല.

2.RP-7other Grants 160100799എന്ന ഹെഡ്ഡിൽ കാണിച്ച 414730 രൂപയിൽ ചിയാക് ഇൻഷൂറൻസ് തുക 4174 രൂ.ഉൾപെടുത്തിയിരിക്കുന്നു.

3.സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി,ഡിമാൻറ്,കലക്ഷൻ,ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

അപാകങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 വസ്തു നികുതി -നികുതി നിർണ്ണയത്തിലെ അപാകങ്ങൾ

1) വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ ചെറുകിട വ്യവസായാവശ്യത്തിനുള്ള ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നികുതി ഈടാക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയറും ട്രേഡേഴ്സ് ലിസ്റ്റും പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ ചെറുകിട വ്യവസായാവശ്യത്തിനുള്ള ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായി കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട ഉടമയുടെ പേര്	വാർഡ് നം/ കെട്ടിട നം/ വിസ്തീർണ്ണം (ച.മീ)	ഈടാക്കിയ നികുതി	സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം	ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം	വാണിജ്യാ വശ്യത്തിനുള്ള കെട്ടിടങ്ങളിൽ (100 ച.മീതാഴെ) ഉൾപ്പെടുത്തി ഈടാക്കേണ്ട നികുതി	കുറവ്
1	വടക്കേടത്ത് ജനാർദ്ദനൻ	4/10, 33.5	33.5 X 10=335 (ഇളവ് 20%) 67 (വർദ്ധനവ് 20%) 67 ആകെ 335+17(LC5%) =352	വ്യവസായാ വശ്യത്തിനുള്ള കൈതൊഴിൽ ഷെഡ്	15 Hp ഉപയോഗിച്ച് അവൽ മിൽ നടത്തുന്നതിന്	33.5 X 40=1340 (ഇളവ് 20%) 268 (വർദ്ധനവ് 20%) 268 ആകെ 1340+67 (LC5%) =1407	1055
2	മാടായി സുരേന്ദ്രൻ, പാലിയേരി	4/32, 46.75	46.75 X 10=467.5 (ഇളവ് 20%) 93.75 (വർദ്ധനവ് 20%)93.75 ആകെ 468+24 (LC5%) =492	വ്യവസായാ വശ്യത്തിനുള്ള കൈതൊഴിൽ ഷെഡ്	4 Hp ഉപയോഗിച്ച് വെൽഡിംഗ് വർക്ക് നടത്തുന്നതിന്	46.75 X 40=1870 (ഇളവ് 20%) 93.75 (വർദ്ധനവ് 20%) 93.75 ആകെ 1870+94(LC5%) =1964	1472
3	കയറ്റുകാരൻ രാഘവൻ, പാലിയേരി	4/181A, 10.8	10.6 X 10=106 (ഇളവ് 30%) 31.8	വ്യവസായാ വശ്യത്തിനുള്ള കൈതൊഴിൽ ഷെഡ്	ബേക്കറി പലഹാരങ്ങൾ വില്പന	10.6 X 40=424 (ഇളവ് 30%) 135 (വർദ്ധനവ് ഇല്ല)	226

			(വർദ്ധനവ് ഇല്ല) ആകെ 75+3(LC5%)=78			ആകെ 289+15(LC5%) =304	
4	അപ്യാൽ സുരേശൻ	4/587A 41.37	41.37 X 10=413.7 (ഇളവ് 30%) 124.11 (വർദ്ധനവ് 20%) 82.74 ആകെ 373+19(LC5%) =392	വ്യവസായാ വശ്യത്തിനുള്ള സ്റ്റോറേജ് ഷെഡ്	3 Hp ഉപയോഗിച്ച് വെൽഡിംഗ് ഷോപ്പ് നടത്തുന്നതിന്	41.37 X 40=1655 (ഇളവ് 30%) 497 (വർദ്ധനവ് 20%) 331 ആകെ 1489+75(LC5%) =1564	1172
	ആകെ						3925

മേൽ അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 22/26-2-20 മറുപടിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന 3925 /- ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)100m2 ൽ കൂടുതലുള്ള വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി - ഈടാക്കിയതിൽ കുറവ്

100m2 കൂടുതലുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുമ്പോൾ ഒരു കെട്ടിടത്തെ ഒരൊറ്റ യൂണിറ്റായി പരിഗണിക്കാതെ ഓരോ റൂമിനും നമ്പർ നല്കി 100m2 ൽ കുറഞ്ഞ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി കണക്കാക്കുകയും,(ക്രമ നം 1,2,). 100m2 കൂടുതലുള്ള വാണിജ്യ ആവശ്യത്തിനുള്ള ഒറ്റ മുറിയുള്ള (ക്രമ നം 3). 100m2 ൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കുകയും, ചെയ്യതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ

ക്രമ നമ്പർ	കെട്ടിട ഉടമയുടെ പേര്	വാർഡ് നം/ കെട്ടിട നം/ വിസ്തീർണ്ണം (ച.മീ)	കെട്ടിത്തിന്റെ ഉപയോഗം	ഈടാക്കിയ \നികുതി	ഈടാക്കേണ്ട നികുതി	കുറവ്
1	കായ്ക്കുൽ അബ്ദുള്ളകുട്ടി	12/42, 91	ഫർണ്ണിച്ചർ കട	91 X 40=3640 (ഇളവ് 20%)728 (വർദ്ധനവ് ഇല്ല) ആകെ *2730+137(LC5%)= 2867	91 X 50=4550 (ഇളവ് 20%)910 (വർദ്ധനവ് ഇല്ല) ആകെ 3650+182(LC5%)= 3832	965
		12/43 91		91 X 40=3640 (ഇളവ് 20%)728 (വർദ്ധനവ് ഇല്ല) ആകെ *2730+137(LC5%)= 2867	91 X 50=4550 (ഇളവ് 20%)910 (വർദ്ധനവ് ഇല്ല) ആകെ 3650+182(LC5%)= 3832	965
2	കെ.പി.ജയബാലൻ, സി.കെ.ജയശ്രീ	11/357 30	ചെരുപ്പ് വില്പന	30 X 40=1200 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 240 ആകെ 1440+72(LC5%) =1512	30 X 50=1500 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 300 ആകെ 1800+90(LC5%) =1890	378
		11/358		6.8 X 40=272	6.8 X 50=340	84

		6.8		(ഇളവ് ഇല്ല) (വർദ്ധനവ് 20%) 54.4 ആകെ 327+17(LC5%)=344	(ഇളവ് ഇല്ല) (വർദ്ധനവ് 20%) 68 ആകെ 408+20(LC5%)=428	
		11/359 14		14 X 40=560 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 112 ആകെ 672+33(LC5%)=705	14 X 50=700 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 140 ആകെ 840+42(LC5%)=882	177
		11/360 14		14 X 40=560 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 112 ആകെ 672+33(LC5%)=705	14 X 50=700 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 140 ആകെ 840+42(LC5%)=882	177
		11/361 14		14 X 40=560 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 112 ആകെ 672+33(LC5%)=705	14 X 50=700 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 140 ആകെ 840+42(LC5%)=882	177
		11/362 14		14 X 40=560 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 112 ആകെ 672+33 (LC5%)=705	14 X 50=700 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 140 ആകെ 840+42 (LC5%)=882	177
		11/363 30		30 X 40=1200 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 240 ആകെ 1440+72(LC5%)= 1512	30 X 50=1500 (ഇളവ് ഇല്ല) (വർദ്ധനവ് 20%) 300 ആകെ 1800+90(LC5%)= 1890	378
3	അഞ്ചാരെ വീട്ടിൽ ജയേഷ്,വടക്കേ വീട്ടിൽ ഹരിഷ്,തെക്കേ തലക്കൽ വീട്ടിൽ ലാലു	7/284A 156.78	ബേക്കറി നടത്തുന്നതിന്	156.78 X 40=6272 (ഇളവ് 20%) 1254.24 (വർദ്ധനവ് 20%) 1254.24 ആകെ 6272+314 (LC5%)=6586	156.78 X 50=7839 (ഇളവ് 20%) 1568 (വർദ്ധനവ് 20%) 1568 ആകെ 7839+392 (LC5%)=8231	1645
ആകെ						5123

* സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേൽ കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയതിൽ യഥാർത്ഥ നികുതിയിൽ നിന്നും ഇളവ് കഴിച്ച് ഈടാക്കേണ്ടിയിരുന്ന 2912/- രൂപയ്ക്ക് പകരം 2730/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത് .

മേൽ അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 22/26-2-20 ലഭിച്ച മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ വന്ന അപാകതയാണ് എന്നറിയിച്ചിട്ടുണ്ട്.2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നികുതി നിർണ്ണയം നടത്തിയ 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള മുഴുവൻ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയം പുന:പരിശോധനക്ക് വിധേയമാക്കേണ്ടതും നഷ്ടം വന്ന 5123/- രൂപഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-13 ലൈസൻസ് എടുക്കാതെ നായകളെ വളർത്തുന്നത്-പിഴ ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ) ചട്ടം 4(1) പ്രകാരം പട്ടികളേയോ പന്നികളേയോ വളർത്തുന്നതിന് അനുമതിക്കായി 10/- രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നല്കേണ്ടതാണ്. ചട്ടം 4(2) പ്രകാരം പട്ടിയോ പന്നിയോ കൈയ്യിൽ വന്നു ചേർന്ന് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പേവിഷ ബാധയ്ക്കെതിരായ കുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം (ചട്ടം4(3)). ലൈസൻസ് എടുത്തതിന് തെളിവായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ടോക്കൺ മൃഗത്തിന്റെ ശരീരത്തിൽ ഉണ്ടായിരിക്കേണ്ടതും ആയതിനെ അലഞ്ഞു തിരിയാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്.

ലൈസൻസ് കാലാവധി അതത് സാമ്പത്തിക വർഷാവസാനം അവസാനിക്കുന്നതും കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതുക്കേണ്ടതുമാണ്.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രോജക്ട് നം. 97/20 (സമഗ്ര പേവിഷ ബാധ നിയന്ത്രണ പദ്ധതി) യുടെ ഭാഗമായി 2019 നവമ്പർ 1 മുതൽ 4 വരെ ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്ന് 106 വളർത്തു നായകൾക്ക് പ്രതിരോധ കുത്തിവെപ്പ് നല്കിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകൾ പ്രകാരം വ്യക്തമാകുന്നത് . എന്നാൽ 2019-20 സാമ്പത്തിക വർഷം 48നായകളെ വളർത്തുന്നതിനുള്ള ലൈസൻസ് മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് നല്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/20.തീയ്യതി.1.3.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.ബാക്കി 58 നായകളെ ലൈസൻസില്ലാതെയാണ് വളർത്തുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാവുന്നു. ലൈസൻസില്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും നായകളെ വളർത്തുന്നതിനുള്ള പിഴയായി മേൽ പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം 250/- രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. വെറ്റിനറി സർജനിൽ നിന്നും ഉടമസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും,വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിക്കുകയും ഇതിനായി കരിവെള്ളൂർ സർവ്വീസ് സഹകരണ ബാങ്കിൽ 17-05-2006 ൽ ഒരു അക്കൗണ്ട് (നം 9031)ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടിൽ 28-07-2018 ന് ശേഷം ഉണ്ടായിരുന്ന ബാലൻസ് തുകയായ 3667/- രൂപയുടെ പലിശ അല്ലാതെ മറ്റ് വരവോ,ചെലവോ ഒന്നും തന്നെ ഇല്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട്നൽകിയ ഓഡിറ്റ് അന്വേഷണം (നം 9/24-02-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസിഡന്റിന്റെദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടർന്നു

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി

ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.(2019-20 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ)

പേര്	ആധാർ നമ്പർ	പെൻഷണർ ഐഡി	മരണപ്പെട്ട തീയതി	പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ
ഉച്ചിര . പി	509465967001	111030200675	7.02.19	4/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു
കുതിരുമ്മൽമാധവി	550028784003	111030100298	27.03.19	4/19 വരെ പെൻഷൻ വീട്ടിൽ കൊണ്ടു കൊടുത്തു
യു.വി.ഗോവിന്ദൻ കോമരം	577538015450	111030201354	21.03.19	4/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു
എ.വി.നാരായണി	854206130326	111030600066	09.01.19	4/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ് . ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/22.02.21 ന് നല്കിയ മറുപടിയിൽ നിലവിൽ ഇക്കാര്യം ഐസിഡിഎസ് സൂപ്പർ വൈസറുടെയും വാർഡ് മെമ്പർമാരുടെയും സഹായത്തോടെ കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്നും യഥാസമയം തന്നെ അനർഹരെ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുന്നുണ്ടെന്നും അറിയിക്കുകയുണ്ടായി. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അധികം നല്കിയ തുക ഡി ബി ടി സെല്ലിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

1-16 മഴക്കാല പൂർവ്വ ശുചീകരണം - വിനിയോഗരേഖകൾ ലഭ്യമായിട്ടില്ല -1,40,000/-രൂപ തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന് ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിനാൽ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സർക്കാർ നിർദ്ദേശം (സ.ഉ (സാധാ)നം.923/2019/തസ്വഭവ തീയതി 2.5.2019) ഉണ്ടായിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ 1,40,000 രൂപ തനത് ഫണ്ടിൽ നിന്നും (വൌച്ചർ നം.21900159/3.6.2019) പിൻവലിച്ച് കരിവെള്ളൂർ സാമൂഹ്യാരോഗ്യകേന്ദ്രം, മെഡിക്കൽ ഓഫിസർക്ക് നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തനതുഫണ്ടിൽ മുതൽ കൂട്ടണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. കൂടാതെ മെഡിക്കൽ ഓഫീസർ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറി നം.10/25.2.2021 ന് മറുപടി സമർപ്പിച്ചിട്ടില്ല.

മുൻകൂർ തുക ക്രമീകരിക്കാത്തതിനാലും വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും ചെലവ് തുകയായ 1,40,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 തെരുവ് വിളക്ക് റിപ്പയർ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നം : 101/20

പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് റിപ്പയർ

അടങ്കൽ : 2,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് : 40,050 ബിൽ നം.31/13.2.2020

1,53,671/- രൂപ ബിൽ നം.27/തീയതി ഇല്ല

പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ G2-44274/15 നം ഉത്തരവ് പ്രകാരം ഒരു ടെക്നീഷ്യനെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയോഗിച്ച് തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിനും അവയുടെ സാധനങ്ങൾ വാങ്ങുന്നതിനുമാണ് ഈ പ്രോജക്ട്.

പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽ ഉത്തരവ് പ്രകാരം ടെകനീഷ്യന്റെ യോഗ്യത, ഇൻഷ്വറൻസ് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2. 534 തെരുവുവിളക്ക് റിപ്പയർ ചെയ്തതിന് കരാറുകാരന് 40,050രൂപ (534x75) നൽകിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്ന പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണത്തിലെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

3. ടെണ്ടർ ക്ഷണിക്കാതെയാണ് 1,53,671/- രൂപയുടെ വിളക്കുകളും അനുബന്ധസാധനങ്ങളും കരിവെള്ളൂർ സർവീസ് സഹകരണ ബാങ്കിൽ (No.F.1496) നിന്നും വാങ്ങിയത്.

4. ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രേഖപ്പെടുത്താനുള്ള രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

5. മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച്

2019-2020 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

ക്ര നം	പ്രോജ: നമ്പർ	പ്രോജക്ട്	ചെലവഴിച്ച തുക(രൂ)
1.	68/20	നെൽകൃഷിക്ക് കൂലി ചെലവ്	6729892
2.	76/20	തെങ്ങിന് ജൈവവളം.	1399986
3.	78/20	വനിത ഗ്രൂപ്പുകൾക്ക് മാതൃകാ പച്ചക്കറിത്തോട്ടം	193200
4.	93/20	വരിനെല്ല് നിയന്ത്രണം	30000
5.	95/20	കൃഷിഭവൻ കണ്ടിജൻസി ചെലവ്.	27096

1. ആകെ വകയിരുത്തിയ 9874486/-രൂപയിൽ 8380174/-രൂ ചെലഴിച്ചിട്ടുണ്ട്. അതായത് 84.86 ശതമാനം തുക ചെലഴിച്ചു.

2. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഭാഗമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുണ്ട്. ആയതിനാൽ ഹരിത കേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തീയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ. ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തിക വളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷിക മേഖലയിൽ ഹരിത കേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന പ്രവർത്തനങ്ങളും ഹരിത മിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

1. പച്ചക്കറിയിലും നെൽ, പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന തരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
2. ഗാർഹിക കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും , കീടനാശിനികളുടേയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.
3. തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക. ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക .
4. പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .
5. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്കരിക്കുക
6. ജലസ്രോതസ്സുകളുടെ ചുറ്റും മരങ്ങൾ വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
7. കൃഷി, മൃഗസംരക്ഷണം എന്നിവയെ പരസ്പര പൂരകങ്ങളായി ഏകോപിച്ചുകൊണ്ട് സംയോജിത കൃഷിരീതി.
8. നെൽകൃഷി ചെയ്യുന്ന വിസ്തൃതി വർദ്ധിപ്പിക്കുക. കര നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
9. വ്യാപകമായ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുക.
10. നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, ചക്ക എന്നിവ പോലുള്ളവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം.

2019-20വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിത മിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല.സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ/വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത്. മേൽക്കാര്യങ്ങൾ സൂചിപ്പിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം10/2019-20തീ25.2.2021) ലഭ്യമാക്കിയ, വനിത കാർഷിക സേന എന്ന പേരിൽ രൂപീകരിച്ച തൊഴിൽ സേന സജീവമായി ഇടപെടൽ നടത്തുന്നുണ്ട് എന്ന മറുപടി തൃപ്തികരമല്ല. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-റോഡു കോൺക്രീറ്റിംഗ്-പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല, ബില്ലുകളിൽ നിന്നും ജി എസ് ടി , ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം മൂന്ന് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്	അടങ്കൽ	ചെലവ്		റിമാർക്സ്
		കൂലി	സാധന സാമഗ്രികൾ	
പുത്തൂർ മാവുങ്കിൽ	419236	68393	334727	ആകെ ഭരണാനുമതി തുക

റോഡ് കോൺക്രീറ്റിംഗ് -പാർട്ട് 1(വാർഡ് 5)		(അവിദഗ്ദതൊഴിൽ-109*(271+6) വിദഗ്ദ,അർദ്ധ വിദഗ്ദതൊഴിൽ 47*700+6*750+1*800)		973000രൂപ. ആയത് രണ്ട് പാർട്ടുകളായി തിരിച്ച് അഞ്ചുലക്ഷത്തിൽ താഴെയുള്ള രണ്ടു പ്രവൃത്തികളാക്കി മാറ്റി. എം ബുക്ക് നമ്പർ 41/19-20, 42/19-20 24/09/19,4/10/19 തീയതികളിലാണ് യഥാക്രമം രണ്ടു പ്രവൃത്തികളും ആരംഭിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെ വ്യത്യസ്ത സമയത്ത് നടപ്പിലാക്കിയതിനാലാണ് പ്രത്യേകം പ്രൊക്യൂർമെന്റ് നടത്തിയതെന്ന മറുപടി സ്വീകാര്യമല്ല
പുത്തൂർ മാവുങ്കിൽ റോഡ് കോൺക്രീറ്റിംഗ്- പാർട്ട് 2(വാർഡ് 5)	419236	65855 (അവിദഗ്ദതൊഴിൽ-105*(271+6) വിദഗ്ദ,അർദ്ധ വിദഗ്ദതൊഴിൽ -45*700+6*750+1*800	334821	
ചെറുമൂല കൊടക്കാട് അതിർത്തി റോഡ് വിപുലീകരണം, പാർട്ട് 1(വാർഡ് 2)	418941	57757 (അവിദഗ്ദതൊഴിൽ-91*(271+6) വിദഗ്ദ,അർദ്ധ വിദഗ്ദതൊഴിൽ 40*700+ 5*750+ 1*800)	344146	418941,406327രൂപ വീതം ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി ഒരേ റോഡിൽ അടുത്തടുത്ത ദിവസങ്ങളിലായി പ്രവൃത്തി നടത്തി.ഒരേവാർഡിലെ പ്രവൃത്തികളായതിനാൽ ഗുണഭോക്താക്കളിലും തൊഴിലാളികളിലും വ്യത്യാസം വരുന്നില്ല. എം ബുക്ക് നമ്പർ 45/19-20, 46/19-20
ചെറുമൂല കൊടക്കാട് അതിർത്തി റോഡ് വിപുലീകരണം, പാർട്ട്2(വാർഡ് 2)	406327	57757 (അവിദഗ്ദ തൊഴിൽ-109*(271+6) വിദഗ്ദ,അർദ്ധ വിദഗ്ദതൊഴിൽ	344635	
കുപ്പിപ്പാലം മുകയശ്മശാനം റോഡ് കോൺക്രീറ്റിംഗ്, പാർട്ട് 1(വാർഡ് 10)	492999	72759 (അവിദഗ്ദതൊഴിൽ 117*277 വിദഗ്ദതൊഴിൽ 7*750+ 49*700+ 800)	403790	492999രൂപ,458293രൂപ വീതം അടങ്കലുള്ള രണ്ടു പ്രവൃത്തികൾ അടുത്തടുത്ത മാസങ്ങളിൽ ഒരേ റോഡിൽ നടത്തി. എം ബുക്ക് നമ്പർ 43/19-20,44/19-20.
കുപ്പിപ്പാലം മുകയ ശ്മശാനം റോഡ് കോൺക്രീറ്റിംഗ്, പാർട്ട്2(വാർഡ് 10)	458293	73328 (അവിദഗ്ദതൊഴിൽ 114*277 വിദഗ്ദതൊഴിൽ 51*700+ 7*750+800)	372372	

വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ

31.03.12 ലെ സ ഉ(കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സഉ(കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ സാധനങ്ങളുടെ സംഭരണത്തിൽ പ്രസ്തുത ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

1.ഹാജരാക്കിയ ടെണ്ടർ ഫയലിൽ രണ്ടു ടെണ്ടറുകളാണ് ഉള്ളത്. ടെണ്ടർ ക്ഷണിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല .ടെണ്ടർ അംഗീകരിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 07.03.19 ലെ 45/19 നമ്പർ തീരുമാനത്തിൽ ശ്രീ കെ ബാബുവിന്റെ ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുന്നു എന്നല്ലാതെ ക്വാട്ട് ചെയ്ത നിരക്ക് എത്രയെന്നോ അംഗീകരിച്ച നിരക്ക് എത്രയെന്നോ പ്രസ്തുത തീരുമാനത്തിലും രേഖപ്പെടുത്തിയിട്ടില്ല.

2.വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. പ്രസ്തുത അപാകത്തിന് മറുപടിയായി ആദ്യം തന്നെ ആവശ്യകത നിർണ്ണയിക്കാൻ സാധിക്കാൻ കഴിയാത്ത സാഹചര്യമായതിനാലാണ് നടപടിക്രമങ്ങൾ പാലിക്കാതിരുന്നതെന്ന മറുപടിയാണ് നല്കിയത്. ആയത് തൃപ്തികരമല്ല.

3. പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ നിരീക്ഷിക്കുന്നതിനായി ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും കമ്മറ്റി മിനുട്സ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

4.ദർഘാസ് പത്രത്തിൽ പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ജില്ലകളിൽ പ്രചാരമുള്ള ദേശീയപത്രത്തിൽ പ്രസിദ്ധീകരിക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. ആകെ ആവശ്യമായ സാധനങ്ങളുടെ വില അഞ്ചു ലക്ഷത്തിനു മുകളിൽ വരുന്ന സാഹചര്യത്തിൽ ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതും സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്.

5.നിരതദ്രവ്യം ഒടുക്കിയതിന്റെ വിവരങ്ങളും ദർഘാസ് ഫോറം വില്പന നടത്തിയതിന്റെ വിവരങ്ങളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

6.കരാർ നല്കിയത് ശ്രീ കെ ബാബു എന്ന പി ഡബ്ല്യു ഡി കോൺട്രാക്ടർക്കാണ് . ടിയാൻ ജി എസ് ടി രജിസ്ട്രേഷനുള്ള അംഗീകൃത വെണ്ടർ അല്ല.പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാരൻ എന്ന നിലയിലുള്ള രജിസ്ട്രേഷൻ മാത്രമാണ് ടിയാനുള്ളത്.

7.സാധനങ്ങളുടെ വില നല്കിയത് 27/05/2020 തീയതിയിലാണ്. പ്രസ്തുത ബില്ലിൽ നിന്നും ജി എസ് ടി യോ ആദായ നികുതിയോ ഈടാക്കിയിട്ടില്ല. കരാറുകാരൻ ഹാജരാക്കിയ സാധനങ്ങളുടെ ബില്ലുകളിലെ തുക ഓരോ ഇനത്തിനും ബാധകമായ ജി എസ് ടി ഉൾപ്പെടെയുള്ളതാണ്. 30000രൂപയ്ക്ക് മുകളിലുള്ള ബില്ലുകളിന്മേൽ ആദായ നികുതി ഈടാക്കണമെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടില്ല.

നടപടിക്രമങ്ങളിലെ വീഴ്ച്ചകൾ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/24.02.2021 ന് നല്കിയ മറുപടിയിൽ ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ചും ടെണ്ടർ ഫോറം വില്പന സംബന്ധിച്ചുമുള്ള രേഖകളും പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സും ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ അവിദഗ്ദ തൊഴിലിന്റെ അനുപാതം ലഭ്യമാകുന്ന മുറക്കു മാത്രമേ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ സാധന ഘടകങ്ങൾ മുൻകൂട്ടി കണക്കാക്കാൻ കഴിയാതിരുന്നതിനാലാണ് ആവശ്യമുണ്ടെങ്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിലേക്കായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ആയി ക്വട്ടേഷൻ ക്ഷണിച്ചത് എന്നും സാധന സാമഗ്രികൾക്കുള്ള പർച്ചേസ് ഫോറം ലഭ്യമല്ലാത്തതു കൊണ്ടാണ് പൊതുവായി ഉപയോഗിക്കുന്ന ടെണ്ടർ ഫോറം ഉപയോഗിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല.

നടപടിക്രമങ്ങളിലെ വീഴ്ച്ചകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതും ജി എസ് ടി , ആദായ നികുതി ഇവ ഈടാക്കി ബന്ധപ്പെട്ട കണക്കിനങ്ങളിൽ ഒടുക്കേണ്ടതുമാണ്.

ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-നടപടിക്രമങ്ങളിലെ

അപാകങ്ങൾ

1.പരിശോധനക്കായി ഹാജരാക്കിയ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ അംഗീകരിച്ച എം എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാനിന്റെ പുറകു വശത്ത് പ്ലാൻ അംഗീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് , സെക്രട്ടറി, പ്രോഗ്രാം ഓഫീസർ എന്നിവർ ഒപ്പ വച്ചിരിക്കുന്നത് 10.12.2018 തീയതിയിലെ 6/2 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു എന്ന് രേഖപ്പെടുത്തിയാണ്. എന്നാൽ പ്രസ്തുത ആക്ഷൻ പ്ലാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചത് 31.12.18 ലെ 337/18 നമ്പർ തീരുമാന പ്രകാരമാണ്. ഭരണസമിതി അംഗീകരിക്കുന്നതിന് മുമ്പ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് ആക്ഷൻ പ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചത് ശരിയായ നടപടിക്രമമല്ല.

2.ആക്ഷൻ പ്ലാൻ പ്രകാരം 312 പ്രവൃത്തികളിലായി 2,30,550 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് 10,12,63,850രൂപ ചെലവഴിക്കാനാണ് (വിദഗ്ധ ,അർദ്ധവിദഗ്ധ തൊഴിൽ – 14771400രൂപ, അവിദഗ്ധ തൊഴിൽ –6,24,79,050 , സാധനഘടകം-2,26,87,900, ഭരണച്ചെലവ്-13,25,500രൂപ ആകെ-10,12,63,800രൂപ)ഉദ്ദേശിച്ചിരുന്നത്. എന്നാൽ യഥാർത്ഥ ചെലവ് 1.163 കോടി രൂപ മാത്രമാണ്. ആക്ഷൻ പ്ലാൻ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

1-21 സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫിസിയോ തെറാപ്പിസ്റ്റിനും സ്പീച്ച് തെറാപ്പിസ്റ്റിനും അധിക ഹോണറേറിയം നല്കി -30600 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ സി ഡി എസ് സൂപ്പർ വൈസർ

പ്രോജക്ട്നമ്പർ - S0045/20

പ്രോജക്ട് പേര് - ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ

അടങ്കൽ -1975000

ചെലവ് - 1975000

ബിൽ നം /ചെക്ക് നം - 1/2019തീ.29.4.19, 2/2019 തീ.15.5.2019,
6/2019 തീ.20/7/2019 8/2019 തീ .14.8.2019
4918817 /15.12.19 1847980/16.10.2019
1847978/6.9.2019

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.2018 ലെ ജി .ഒ (എം എസ്)22/2018ഉത്തരവ് പ്രകാരം ബഡ്സ് സ്കൂളുകളിൽ സേവനം നല്കുന്ന ഫിസിയോ തെറാപ്പിസ്റ്റിനും സ്പീച്ച് തെറാപ്പിസ്റ്റിനും ഒരു ദിവസത്തെ വേതനമായി 600/- രൂപയാണ് നൽകേണ്ടിയിരുന്നത്. കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിൽ സേവനം ചെയ്ത ഫിസിയോ തെറാപ്പിസ്റ്റിനും സ്പീച്ച് തെറാപ്പിസ്റ്റിനും 900/-രൂപ നിരക്കിൽ പ്രതിഫലം നല്കിയതിനാൽ 2019-20 സാമ്പത്തിക വർഷം ഹോണറേറിയം ഇനത്തിൽ 30600/- രൂപ അധിക ചെചവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

സേവനം നല്കിയ വർഷം/ മാസം / ദിവസങ്ങളുടെ എണ്ണം	സേവനം നല്കിയ ഫിസിയോ തെറാപ്പിസ്റ്റ് /സ്പീച്ച് തെറാപ്പിസ്റ്റ്	അനുവദിച്ച ഹോണറേറിയം തുക	തുക അനുവദിച്ച ബിൽ നം/ ചെക്ക് നം/ തുക/ തീയ്യതി	അനുവദിക്കാവുന്ന ഹോണ റേറിയം തുക	ഹോണറേറിയം ഇനത്തിൽ അധികം അനുവദിച്ച തുക
8/19,9/19-10 ദിവസം	ദിലീപ് കുമാർ എൻ	9000	1847980/ 16.10.2019	6000	3000
9/19- 5ദിവസം	ധന്യ ടിവി	4500	1847980/ 16.10.2019	3000	1500
11/19- 9ദിവസം	ദിലീപ് കുമാർ എൻ	8100	4918817/ 19.12. .19	5400	2700

11/19- 7ദിവസം	ധന്യ ടിവി	6300	4918817/ 19.12. .19	4200	2100
8/2019- 5ദിവസം	ധന്യ ടിവി	4500	1847978/ 6.9.2019	3000	1500
7/2019- 8ദിവസം	ദിലീപ് കുമാർ എൻ	7200	8/14.8.2019	4800	2400
7/2019- 9ദിവസം	ധന്യ ടിവി	8100	8/14.8.2019	5400	2700
6/2019- 8 ദിവസം	ദിലീപ് കുമാർ എൻ	7200	6/20.7.2019	4800	2400
6/2019- 7ദിവസം	ധന്യ ടിവി	6300	6/20.7.2019	4200	2100
4/2019- 9ദിവസം	ദിലീപ് കുമാർ എൻ	8100	2/15.5.2019	5400	2700
4/2019- 9ദിവസം	ധന്യ ടിവി	8100	2/15.5.2019	5400	2700
3/2019- 8ദിവസം	ദിലീപ് കുമാർ എൻ	7200	1/29.4.2019	4800	2400
3/2019- 8ദിവസം	ധന്യ ടിവി	7200	1/29.4.2019	4800	2400
ആകെ					30600/-

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം26/19-20തീ.01/03/2021) മറുപടിയായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 16.3.2017ലെ എ1/50977/16/ഡിപി ഐ യുടെ ഉത്തരവ് പ്രകാരമാണ് 900/- രൂപ നിരക്കിൽ നല്കിയ തെന്ന് അറിയിക്കുകയുണ്ടായി. സർക്കാർ ഉത്തരവിൽ പറഞ്ഞ നിരക്കിനേക്കാൾ കൂടുതൽ അനുവദിക്കാൻ സർക്കാർ/കത്ത് പ്രകാരം അനുമതി നല്കാൻ കഴിയുന്നതല്ല. ആയതിനാൽ ഹോണറേറിയം ഇനത്തിൽ അനുവദിച്ച 30600/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-22 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തികരിച്ചില്ല

പ്രോജക്റ്റിന്റെ പേരും നമ്പരും	അടങ്കൽ/ഫണ്ട്	ചെലവ് തുക
83/20 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി(ജനറൽ)	₹1845424(വികസനഫണ്ട്) ₹640000ബ്ലോക്ക് പഞ്ചായത്ത് ₹1914576 ജില്ലാപഞ്ചായത്ത്	₹1296281

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതിക്കായി 2019-20 വർഷം ആകെ 23 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്. 21 പേരും ആനുകൂല്യം കൈപ്പറ്റി വീട് പണി ആരംഭിച്ചു. 18 പേർ ഇതുവരെയായി വീട് പണി പൂർത്തിയാക്കി. ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	യൂണിറ്റ് കോസ്റ്റ്	നാളിതുവരെ കൈപ്പറ്റിയ	നല്കാൻ അവശേ	വീടിന്റെ ഇപ്പോഴത്തെ

			തുക	ഷിക്കുന്ന തുക	സ്റ്റേജ്
1	ടിവി ശിവദാസൻ	400000	40000	360000	തറ നിർമ്മാണം
2	ഉമേശൻ	400000	40000	360000	തറ നിർമ്മാണം

നിർമ്മാണം പൂർത്തികരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തികരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 അമ്മൻ കുളം പമ്പ് ഹൗസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും- ഗുണഭോക്തൃവിഹിതം ശേഖരിച്ചിട്ടില്ല- 5677 രൂപയുടെ അധികച്ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ 157/18,139/19,131/20,അമ്മൻ കുളം പമ്പ് ഹൗസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും

അടങ്കൽ

75000രൂപ(67500- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 7500- ഗുണഭോക്തൃവിഹിതം-സ്ഥാപനത്തിൽ അടക്കുന്നത്)

ചെലവ്

56773രൂപ-ബിൽ നമ്പർ 2/19-20,25.06.19

കരാറുകാരൻ

ശ്രീ കെ വി വിജയൻ,എസ്റ്റിമേറ്റ് നിരക്ക്

അമ്മൻ കുളം കുടിവെള്ള പദ്ധതിക്കായി തയ്യാറാക്കിയ പദ്ധതിയിൽ 10% ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നെങ്കിലും അവസാന ബിൽ തുക(ആകെ പ്രവൃത്തി മൂല്യം 56773രൂപ) മുഴുവനായും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് നല്കിയത്. ഗുണഭോക്തൃവിഹിതം ശേഖരിക്കാതെ മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവ് ചെയ്തതിനാൽ 5677/- രൂപയുടെ അധികച്ചെലവ് വന്നിട്ടുണ്ട്. ആയത് ശേഖരിച്ച് സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

1-24 രേഖകൾ ഹാജരാക്കാത്തത്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ടിയിരുന്ന താഴെ പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

1.എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

2.ഇ ടെണ്ടറുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ

3.ടി ആർ 7 എ ക്യാഷ് ബുക്ക്. നിശ്ചിത മാതൃകയിലല്ലാത്ത ക്യാഷ് ബുക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.ഇ ടെണ്ടർ നടപടികളുടെ ഭാഗമായി 2018-19 വരെ ശേഖരിച്ച തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടത്. ആയത് നാളിതുവരെ തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ജി എസ് ടി ബന്ധപ്പെട്ട കണക്കിനത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

5.തനത് ഫണ്ട് ഒഴികെയുള്ള ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ബാരൽ അതാത് ഫണ്ടുകളിലേക്ക് തിരിച്ചടക്കാതെ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്കാണ് നിക്ഷേപിച്ചത്. ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

6.ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടുന്ന , സഉ(സാധാ) നമ്പർ 2532/2018/തസ്വഭവ തീയതി 29.09.18 ൽ നിർദ്ദേശിച്ച പ്രകാരമുള്ള സെൽഫ് ഡിക്ലറേഷൻ ഫോറം, ജിഎസ് ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 16 തീയതി 24.02.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

1-25 ആസ്തി പരിപാലനം

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 09.04.19 ലെ 74/19 നമ്പർ തീരുമാന പ്രകാരം പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി കൺവീനറുമായി ആറംഗ ആസ്തി പരിപാലന കമ്മറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റിയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/22.02.2021 ന് നല്കിയ മറുപടിയിൽ ആസ്തി പരിപാലന കമ്മറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. യോഗമിനുട്സ്സും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ 31.03.2020 വരെ കാലികമാക്കിയതായും അതിനു ശേഷമുള്ള വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അടിസ്ഥാന നികുതി വില്ലേജ് ഓഫീസിൽ ഓഡിറ്റ് വർഷം ഒടുക്കിയിട്ടില്ല എന്നാണ് വൗച്ചറുകളുടെ പരിശോധനയിൽ നിന്നും വ്യക്തമായത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ തയ്യാറാക്കേണ്ടതും വർഷാവർഷം നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ ഗ്രാമപഞ്ചായത്ത് പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കായി പരിശീലന കേന്ദ്രം (നൈപുണ്യ വികസന കേന്ദ്രം) സ്ഥാപിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രം നടത്തിപ്പ് സംബന്ധിച്ച നിയമാവലി തയ്യാറാക്കേണ്ടതും പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കുകയും ചെയ്യേണ്ടതാണ്.

1-26 സാന്ത്വന പരിചരണം- അപാകങ്ങൾ.

പ്രോജക്ട് നം.	111/20
പ്രോജക്ടിന്റെ പേര്	സാന്ത്വന പരിചരണം
അടങ്കൽ	₹ 525000
ആകെ ചെലവ്	₹ 469896
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.കരിവെള്ളൂർ

1. സ.ഉ (സാധാ) നം.3217/2015/ത.സ്വ.ഭ.വ തീയ്യതി 29.10.2015 നമ്പർ ഉത്തരവിലെയും, സ.ഉ (സാധാ) നം. 553/2019/ത.സ്വ.ഭ.വ തീയ്യതി 7.3.2019നമ്പർ ഉത്തരവിലേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

പ്രസ്തുത ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ്കമ്മിറ്റി(PMC) രൂപീകരിച്ച്. രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിൽ PMC യുടെ യോഗം 2019-20 സാമ്പത്തിക വർഷത്തിൽ 25.6.2019,13.11.2019,10.1.2020എന്നീ തീയതികളിൽ മാത്രമാണ് ചേർന്നിട്ടുള്ളത്

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാമാസവും 5-ാം തീയ്യതിക്കുമുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ്കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട്പ്രതിമാസയോഗങ്ങൾക്കിടയിലും ഈ കമ്മിറ്റിക്ക് യോഗം ചേരാം. P.I.C യുടെ യോഗം 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടില്ല. എല്ലാമാസവും 5-ാംതീയ്യതിക്കുമുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മേൽ പദ്ധതിയുടെ ഭാഗമായി 7.2.2020-ന് കരിവെള്ളൂർ പെരളംഗ്രാമ പഞ്ചായത്തിലെ സാമൂഹിക ആരോഗ്യകേന്ദ്രം കരിവെള്ളൂരിൽ വെച്ച് രോഗി ബന്ധു സംഗമം നടത്തുകയും ഇതിനായി 6075/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് കുടുംബ സംഗമത്തിന് മേൽ ഉത്തരവിലെ ഖണ്ഡിക നമ്പർ 2.6.13 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബങ്ങളുടെയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും സംഗമം വിളിച്ച് ചേർക്കാവുന്നതാണ്. സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും,സംഗമങ്ങളിൽ പങ്കെടുക്കുന്ന ഒരാൾക്ക് ഭക്ഷണ ചെലവിലേക്കായി 60രൂപയും മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാം. കൂടുതൽ തുക വേണ്ടി വരികയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8/20.തീയ്യതി.23.2.2021) നൽകിയ മറുപടിയിൽ 7.3.2019 തീയ്യതിയിലെ സ.ഉ(സാധാ) നം. 553/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖ അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. എന്നാൽ ഈ ഉത്തരവിൽ രോഗി ബന്ധു സംഗമത്തിനായി ചെലവഴിക്കാവുന്ന പരമാവധി തുക പരാമർശിച്ചിട്ടില്ലാത്തതിനാലുമാണ് ഇപ്രകാരം ചെയ്തത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പരിഷ്കരിച്ച പ്രസ്തുത ഉത്തരവിൽ പരാമർശം 4 പ്രകാരം നിലവിലുള്ള മാർഗ്ഗരേഖ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ പ്രകാരം സമഗ്രമായി പരിഷ്കരിച്ച് ഉത്തരവാകുന്നു എന്നാണ്. എന്നാൽ ഇതിന് വിരുദ്ധമായി മറ്റുചെലവുകൾക്കായി(ബിൽ നമ്പർ 14/19-20/28.2.2020/₹12400-ൽ ഉൾപ്പെട്ടത്)6075രൂപ ചെലവഴിച്ചതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു

മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം.

മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ച തുക	തീയ്യതി	ചെലവഴിച്ച തുക ₹	വൗച്ചർ നം	മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിക്കാവുന്ന പരമാവധി തുക ₹	അധികം ചെലവഴിച്ച തുക. ₹
നോട്ടീസ്	6.2.2020	650	204/19-20	3000	3075
ക്ലോത്ത് ബാനർ	6.2.2020.	425	205/19-20		
ജനറേറ്റർ,സൗണ്ട് സിസ്റ്റം.....	7.2.2020	5000	207/19-20		

ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രസ്തുത വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-27 ആട് വളർത്തൽ ,പട്ടികജാതി വിഭാഗത്തിന്- രേഖകൾ കൃത്യമല്ല -150000 രൂപ തടസ്സപ്പെടുത്തുന്നു

1.ആട് വളർത്തൽ (പട്ടികജാതി വിഭാഗത്തിന്)

പദ്ധതിയുടെ പേര്	ആട് വളർത്തൽ (പട്ടികജാതി വിഭാഗത്തിന്)
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ
പ്രോജക്ട് നമ്പർ.	75/20
അടങ്കൽ	₹200000/- (₹150000-വികസനഫണ്ട് എസ്.സി.പി) (₹50000-ഗുണഭോക്തൃവിഹിതം)
ചെലവ്	₹ 150000.

ബിൽ നം/ചെക്ക്നം/ തീയ്യതി/തുക	(ബിൽ.നം.7/19-20- 29.1.20 -₹ 75000, ബിൽ.നം.8/19-20- 25.3.2020-₹ 60000 ബിൽ.നം.9/19-20- 11.2.2020 -₹ 15000)

1.മേൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ആരൊക്കെയാണ്. അവരുടെ പേര് വിവരങ്ങൾ, വാർഡ്നമ്പർ,കെട്ടിടനമ്പർ,റേഷൻ കാർഡ് നമ്പർ, ജാതിസർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പം,ആടിനെ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും ലഭ്യമാക്കേണ്ടതാണ്.

2.മേൽ പദ്ധതിയുടെ ഭാഗമായി വാങ്ങിച്ച ആടിന്റെ വില,ആടിനെ വാങ്ങിച്ചതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളും വില ചീറ്റിലോ,കൈപ്പറ്റ് രസീതിലോ,പർച്ചേസ് കമ്മിറ്റി സാക്ഷ്യപത്രത്തിലോ രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ വിശദ വിവരങ്ങളും,ആടിനെ വാങ്ങിച്ച വകയിൽ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടു ണ്ടെങ്കിൽ തുക കൈപ്പറ്റിയതിന്റെ വിവരം ബാങ്ക് അക്കൗണ്ട് നമ്പറിന്റെ പകർപ്പ് സഹിതം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം25/20.തീയ്യതി.1.3.2021) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി ചെലവഴിച്ച 150000. രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-28 സമഗ്ര പേവിഷബാധ നിയന്ത്രണ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല- 12690രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

പദ്ധതിയുടെ പേര്	സമഗ്ര പേവിഷബാധ നിയന്ത്രണ പദ്ധതി.
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ
പ്രോജക്ട് നമ്പർ.	130/20
അടങ്കൽ	₹15000/- (വികസനഫണ്ട്)
ചെലവ് ബിൽ നം/ചെക്ക്നം/ തീയ്യതി/തുക	₹ 12690 (ബിൽ.നം.2/19-20- 31.8.2019 -₹ 12690)

മേൽ പദ്ധതിയുടെ ഭാഗമായിട്ടുള്ള മുഴുവൻ രജിസ്റ്ററുകളും,ഫയലുകളും ഓഡിറ്റിൽ ഹാജരാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം25/20.തീയ്യതി.1.3.2021) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 12690 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 മുട്ടക്കോഴി വിതരണം പദ്ധതി- അപാകങ്ങൾ -1000രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്	വനിതകൾക്ക് മുട്ടക്കോഴി വിതരണം.
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ

പ്രോജക്ട് നമ്പർ.	84/20
അടങ്കൽ	₹454300/- (₹206500-വികസനഫണ്ട്) (₹247800-ഗുണഭോക്തൃവിഹിതം)
ചെലവ് ബിൽ നം/ചെക്ക്നം/ തീയ്യതി/തുക	₹454300 (ബിൽ.നം.4/19-20- 16.12.2019-₹ 56500, ബിൽ.നം.5/19-20- 16.12.2019-₹ 75000 ബിൽ.നം.6/19-20-29.3.2020 -₹ 75000) (₹247800-ഗുണഭോക്തൃവിഹിതം)

1) മേൽ പദ്ധതിയുടെ ഭാഗമായി മുട്ടക്കോഴികൾ വിതരണം ചെയ്തതിലെ ക്രമ നമ്പർ 40-ൽ ഉൾപ്പെട്ട എം.വി.ശാന്ത(വാർഡ് നമ്പർ 5) പ്രസ്തുത വാർഡ് നമ്പറിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളാണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് മുട്ടക്കോഴി വിതരണം നടത്തിയതിന് കാരണം ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം24/20.തീയ്യതി.1.3.2021) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മുട്ടക്കോഴിവിതരണയിനത്തിൽ അനുവദിച്ച സബ്സിഡി തുകയായ 500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.മേൽ പദ്ധതിയുടെ ഭാഗമായി മുട്ടക്കോഴികൾ വിതരണം ചെയ്തതിലെ ക്രമ നമ്പർ 308-ൽ ഉൾപ്പെട്ട ഷീബ.കെ.വി(വാർഡ് നമ്പർ 5).അപേക്ഷയും, റേഷൻ കാർഡിന്റെ പകർപ്പും ലഭ്യമാക്കുവാൻ വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം24/20.തീയ്യതി.1.3.2021) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മുട്ടക്കോഴിവിതരണയിനത്തിൽ അനുവദിച്ച സബ്സിഡി തുകയായ 500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 ദുരന്ത നിവാരണ പദ്ധതി

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ദുരന്ത നിവാരണ പദ്ധതിക്കായി തദ്ദേശ സ്വയംഭരണ വകുപ്പിൻെറ 4.2.19 ലെ നം (കൈ)156/19, 14.01.20.ലെ (കൈ)4/20 എന്നിവയിലെ നിർദേശങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് തൻവർഷം ഫണ്ട് ലഭ്യമായിട്ടില്ലെന്നും പ്രാദേശിക സന്നദ്ധ സംഘടനകളുടെ സഹായത്തോടെയാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എന്നുമാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/27.02.21 ന് മറുപടി നല്കിയത്. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതു പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതും രേഖകൾ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

1-31 കൃഷിഭവൻ കണ്ടിജൻസി ചെലവ് അപാകതകൾ- 5900/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : S0095/20

പ്രോജക്ട് പേര് : കൃഷിഭവൻ കണ്ടിജൻസി ചെലവ്

പദ്ധതി അടങ്കൽ : 50000

പദ്ധതിചെലവ് :19995

ബിൽനമ്പർ : 48/2019-20 (5900/- രൂപ) തീ.24.3.2020

2019-20 വർഷത്തിൽ കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൃഷിഭവൻ കണ്ടിജൻസി ചെലവ് എന്ന പ്രോജക്ടിന്റെ ഭാഗമായി മേൽപറഞ്ഞ ബിൽ പ്രകാരം 5900/- രൂപ ചെലവഴിച്ചിട്ടുണ്ട്. 6 പായ , ജനൽ കർട്ടൻ എന്നിവ കൃഷ്ണൻ വി. ഹർഷ ഇൻറ്റീരിയർ, വെള്ളൂർ എന്നവരിൽ നിന്നാണ് വാങ്ങിയത്. മേൽപറഞ്ഞ സാധനങ്ങൾ വാങ്ങുമ്പോൾ പാലിക്കേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി) നം 259/2010/ത സ്വ ഭ വ തീയ്യതി 8.11.2010)പ്രകാരം ചെയ്ത

സമാഹരണചക്രം, സമാഹരണ പദ്ധതികൾ, വാങ്ങൽ രീതികൾ എന്നിവ അടങ്ങിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7/2019-20 തീ.24/2/2021)നല്കിയ മറുപടി തൃപ്തികരമല്ല. മറുപടിയിൽ പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ക്ഷണിച്ച ക്വട്ടേഷനുകൾ ഹാജരാക്കിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങുന്നതിന് ആവശ്യമായ പർച്ചേസ് കമ്മിറ്റി തീരുമാനവും ഹർഷ ഇൻറ്റീരിയറിന്റെ ക്വട്ടേഷൻ അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനവും ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ സർക്കാർ ഉത്തരവ് പാലിക്കാതെ ചെലവഴിച്ച 5900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ & തീയതി
2019-20	27.2.2021	KSA/KNR/C1/377/2021/8.4.2021

4-2 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെ വിവരങ്ങൾ

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2019-20	720000	നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി,68/20	720000	0
	2019-20	144896	സാന്ത്വനപരിചരണം,111/20	144896	0
	2019-20	1000000	ബഡ്സ്സ്കൂൾ പ്രവർത്തനങ്ങൾ, 45/20	1000000	0
	2019-20	300000	ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ 18	300000	0

			വയസിനു താഴെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ എന്നിവർക്കുള്ള സ്കോളർഷിപ്പ്,ബത്ത,46/20		
	2019-20	783720	ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് ധനസഹായം,112/20	783720	0
					0
ബ്ലോക്ക് പഞ്ചായത്ത്	2019-20	1776092	നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി,68/20	1776092	0
	2019-20	100000	സാന്ത്വനപരിചരണം,111/20	100000	0
	2019-20	75000	ബഡ്സ്സ്കൂൾ പ്രവർത്തനങ്ങൾ, 45/20	75000	0
	2019-20	300000	ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ 18 വയസിനു താഴെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ എന്നിവർക്കുള്ള സ്കോളർഷിപ്പ്,ബത്ത,46/20	300000	0
	2019-20	580000	ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് ധനസഹായം,112/20	580000	0

സ്പിൽ ഓവർ പദ്ധതികളായ, പൊതുശൗചാലയ സമുച്ചയ നിർമ്മാണം, 133/20-(ചെലവ് 115091) പട്ടിക ജാതി വിഭാഗക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിന് കെട്ടിട നിർമ്മാണം,134/20(ചെലവ് 1715968രൂപ) എന്നിവയ്ക്ക് മുൻ വർഷങ്ങളിൽ ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുണ്ട്. സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്നതുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതിരുന്നത് അപാകമാണ്. കൂടാതെ സംയുക്ത പദ്ധതികളിൽ കൂടുതൽ തുക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സ്ഥാപനമാണ് പദ്ധതി നടപ്പിലാക്കേണ്ടത് എന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല

തൊഴിൽ പരിശീലന കേന്ദ്രം നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല. തൊഴിൽ പരിശീലനകേന്ദ്രത്തിന് കെട്ടിട നിർമ്മാണം എന്നാണ് പദ്ധതിയുടെ പേര് നല്കിയിട്ടുള്ളതെങ്കിലും കെട്ടിടത്തിന് തൊഴിൽ നൈപുണ്യ വികസന കേന്ദ്രം എന്നാണ് പേരു നല്കിയിരിക്കുന്നത്. കെട്ടിടത്തിന്റെ ഉദ്ഘാടനം 2021 ഫിബ്രവരി മാസത്തിലാണ് നടന്നിട്ടുള്ളത്. സാംസ്കാരിക കേന്ദ്രത്തിനായി ഉദ്ദേശിച്ച സ്ഥലത്താണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ആസ്തി രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കാൻ കഴിയാത്ത പക്ഷം സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി – ഹഡ്കോ ലോൺ	സ ഉ (എം എസ്) നം 2278/ തസ്വഭവ18.08.18		8,89,719	1,91,176		6,98,543

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഇൻവെസ്റ്റ്മെന്റ്	10,000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	10,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ	10,000

<u>വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു</u>

മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്- (ബി ക്ലാസ് ഷെയർ -2 എണ്ണം)	നം 4400 തീയതി 20.03.15	10,000

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട്	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

		വർഷം			
2000-01	6	2003-04	3.13.17	മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ	നിയമസഭാസമിതിയുടെ പരിഗണനയിൽ
2014-15, 2015-16	2-2, 2-6	2016-17	2	തൊഴിൽ നികുതി അപാകതകൾ	നിയമസഭാസമിതിയുടെ പരിഗണനയിൽ

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	44449383
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	44818476
വരവിനങ്ങളിലുള്ള നഷ്ടം	:	9048
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	5677
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	340190

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12(1)	3925	ശ്രീ.സതീശൻ.കെ.വി,സെക്രട്ടറി
1-12(2)	5123	ശ്രീ.സതീശൻ.കെ.വി,സെക്രട്ടറി
1-23	5677	ശ്രീമതി.സുനിത.കെ.വി.,അസി.എഞ്ചിനീയർ
ആകെ	14725	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	1,40,000	ഡോ. അമീന അസ്ലാം, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
1-21	30,600	ശ്രീമതി.ലില്ലിക്കുട്ടി.പി,ഐ സി ഡി എസ് സൂപ്പർവൈസർ
1-27	1,50,000	ഡോ.മുഹമ്മദ് ഷിഹാസ്,വെറ്റിനറി സർജൻ
1-28	12690	ഡോ.മുഹമ്മദ് ഷിഹാസ്,വെറ്റിനറി സർജൻ
1-29	1000	ഡോ.മുഹമ്മദ് ഷിഹാസ്,വെറ്റിനറി സർജൻ
1-31	5900	ശ്രീ.ജയരാജൻ നായർ,കൃഷി ഓഫീസർ
ആകെ	3,40,190	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
സതീശൻ.കെ.വി,സെക്രട്ടറി	സെക്രട്ടറി,പരിയാരം ഗ്രാമ പഞ്ചായത്ത്	ഇന്ദീവരം,ചിറ്റന്നൂർ, വിളയാംകോട്
ഡോ.മുഹമ്മദ് ഷിഹാസ്,വെറ്റിനറി സർജൻ	വെറ്റിനറി സർജൻ, കോടന്നൂരത്ത് വെറ്റിനറി ഡിസ്പെൻസറി	മൂത്തേടിൽ പടീറ്റതിൽ, കാട്ടിൽ കടവ് പി.ഒ,കരുനാഗപ്പള്ളി
ശ്രീമതി.സുനിത.കെ.വി.,അസി.എഞ്ചിനീയർ	അസി.എഞ്ചിനീയർ, കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്ത്	അനശ്രീ നിവാസ്,നിയർ ശ്രീ പ്രഭ ഓഡിറ്റോറിയം
ഡോ.അമീന അസ്ലാം,മെഡിക്കൽ ഓഫീസർ,സി എച്ച് സി	മെഡിക്കൽ ഓഫീസർ, സി എച്ച് സി,കരിവെള്ളൂർ	ആർ കെ നിവാസ്,സൗത്ത് ബസാർ,കരുവാച്ചേരി, പയ്യന്നൂർ
ശ്രീ.ജയരാജൻ നായർ,കൃഷി ഓഫീസർ	കൃഷി ഓഫീസർ,കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്ത്	ചന്ദനം ഏറ്റുകുടുക്ക പി ഒ
ശ്രീമതി.ലില്ലിക്കുട്ടി.പി,ഐ സി ഡി എസ് സൂപ്പർവൈസർ	ഐ സി ഡി എസ് സൂപ്പർവൈസർ കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്ത്	കാവാലൻ ഹൗസ്,അരവഞ്ചാൽ പി.ഒ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01	കെഎസ്എ/കെഎൻആർ/സി7-722/19 തീയതി 20.06.19	1
2007-08	കെഎസ്എ/കെഎൻആർ/സി7-722/19 തീയതി 20.06.19	1
2008-09	കെഎസ്എ/കെഎൻആർ/സി7-722/19 തീയതി 20.06.19	2
2014-15	കെഎസ്എ/കെഎൻആർ/സി7-722/19 തീയതി 20.06.19	3
2015-16	കെഎസ്എ/കെഎൻആർ/സി7-722/19 തീയതി 20.06.19	5

2016-17	കെഎസ്എ/കെഎൻആർ/സി7-722/19 തീയതി 20.06.19	2
2017-18	കെഎസ്എ/കെഎൻആർ/സി1-35/19 തീയതി 8.02.19	13
2018-19	കെഎസ്എ/കെഎൻആർ/സി1-1063/19 തീയതി21.09.19	11

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annex3-1

Receipt and Payment Statement

Karivellur Peralam Grama Panchayat RECEIPT & PAYMENT STATEMENT			
For the period from 01-April-2019 to 31-March-2020			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	10184473.00
Cash	Cash	RP-40(a)	0.0
	Operating		
110000000	Tax Revenue	RP-1	1095390.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	RP-2	864.00
140000000	Fees & User Charges	RP-4	374049.00
150000000	Sale & Hire Charges	RP-5	249348.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	32099379.00
171000000	Interest Earned	RP-9	299448.00
320000000	Grants, Funds & Contributions for Specific Purposes	RP-31	6157122.00
350000000	Other Liabilities	RP-36	185050.00
	Non Operating		
180000000	Other Income	RP-10	280.00
311000000	Earmarked Funds	RP-29	202.00
340000000	Deposits Received	RP-34	67515.00
350000000	Other Liabilities	RP-36	168264.00
431000000	Sundry Debtors (Receivables)	RP-43	3454591.00
460000000	Loans, Advances and Deposits	RP-47	297881.00
	Grand total		54633856.00
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	3137907.00
220000000	Administrative Expenses	RP-12	730414.00
230000000	Operations & Maintenance	RP-13	542388.00
250000000	Decentralised Plan Programme- Productive Sector	RP-15	7142621.00
251000000	Decentralised Plan Programme- Service Sector	RP-16	11221189.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	432594.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	1109318.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	384520.00

255000000	Maintenance Projects	RP-20	2527391.00
260000000	Grants, Contributions and Compensations from Own Fund	RP-22	22191.00
280000000	Prior Period item	RP-26	-55133.00
320000000	Grants, Funds & Contributions for Specific Purposes	RP-31	962585.00
350000000	Other Liabilities	RP-36	4417450.00
	Non Operating		
240000000	Interest & Finance Charges	RP-14	712.00
340000000	Deposits Received	RP-34	44849.00
350000000	Other Liabilities	RP-36	2128623.00
410000000	Fixed Assets	RP-38	8837229.00
412000000	Capital work in Progress	RP-40	255661.00
460000000	Loans, Advances and Deposits	RP-47	975967.00
	Closing Balance		
Bank	Bank	RP-40(b)	9815380.00
Cash	Cash	RP-40(b)	0.0
	Grand Total		54633856.00

Annex3-2

INCOME & EXPENDITURE STATEMENT

Karivellur Peralam Grama Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2019 to 31-March-2020			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	4598512.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	884.00
130000000	Rental Income from Panchayat / Municipal Properties	I-3	16704.00
140000000	Fee & User Charges	I-4(b)	545049.00
150000000	Sale & Hire Charges	I-5(b)	249348.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	66747026.00
171000000	Interest Earned	I-8	299448.00
180000000	Other Income	I-9	434599.00
	Total Income		72891570.00
	EXPENDITURE		
210000000	Establishment Expenses	I-10(b)	9607283.00
220000000	Administrative Expenses	I-11(b)	730414.00
230000000	Operations & Maintenance	I-12(b)	542388.00
240000000	Interest & Finance Charges	I-13	712.00

250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	13145817.00
251000000	Decentralised Plan Programme-Service Sector	I-14(a)	21065143.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	432594.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	1109318.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	11441620.00
255000000	Maintenance Projects	I-14(e)	2527391.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	22191.00
270000000	Provisions and Write off	I-16	102746.00
272000000	Depreciation	I-17(a)	7345890.00
	Total Expenditure		68073507.00
	Gross Surplus/ Deficit of income over Expenditure		4818063.00
280000000	Prior Period Item	I-18	-3687791.00
	Gross Surplus/Deficit of Income over Expenditure after prior period items.		8505854.00
290000000	Transfer to Reserve Funds	I-18(a)	0.0

Annex3-3

BALANCE SHEET

	Karivellur Peralam Grama Panchayat BALANCE SHEET		
	As on 31-March-2020		
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	16645119.34
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	4213.00
312000000	Reserves	B-3	52543136.00
	Total Reserve & Surplus		69192468.34
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	1789515.00

	Total Grants, Contributions for Specific Purposes		1789515.00
	Loans		
330000000	Secured Loans	B-5	698543.00
	Total Loans		698543.00
	Current Liabilities & Provisions		
340000000	Deposits Received	B-7	81728.00
350000000	Other Liabilities	B-9	1232878.66
	Total Current Liabilities and Provisions		1314606.66
	TOTAL LIABILITIES		72995133.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	87909417.00
411000000	Accumulated Depreciation	B-11	-25380230.00
412000000	Capital Work in Progress	B-11(a)	0.0
	Total Fixed Assets		62529187.00
	Investments		
420000000	Investments-General Fund	B-12	10000.00
	Total Investments		10000.00
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	2446.00
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	9815380.00
460000000	Loans, Advances and Deposits	B-18	638120.00
	Total Current Assets, Loans and Advances		10455946.00
	Other Assets		
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		72995133.00

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്